(ബി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിരിക്കുന്നത് പ്രത്യേകിച്ചും നഗര പരിധിയിലെ പൊതുഗതാഗതത്തെ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ്. ജൻറം സർവ്വീസ്, ഓപ്പറേഷൻ, പരിപാലനം, അതിനാവശ്യമായ മറ്റ് കാര്യങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ആക്കി സർവ്വീസ് നടത്തിപ്പ് സുഗമമാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം.

(സി) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സബ്സിഡിയറിയായിട്ടാണ് കേരളാ അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പേരിൽ SPV പ്രവർത്തിക്കുക.

(ഡി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-ന്റെ പ്രവർത്തനത്തിനായി കേന്ദ്ര നഗര വികസന വകുപ്പ് ധനസഹായങ്ങളൊന്നും ലഭ്യമാക്കുന്നില്ല. പ്രസ്തുത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചെങ്കിൽ മാത്രമേ ജൻറം പദ്ധതയിൽപ്പെട്ട 400 ബസ്സുകൾക്കുള്ള സാമ്പത്തിക സഹായം കേരള സംസ്ഥാനത്തിന് ലഭ്യമാവുകയുള്ളൂ.

മലയാള സിനിമയിലെ ആദ്യനായിക പി. കെ. റോസിയുടെ സ്മരണ

21 (*741) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളത്തിലെ ആദ്യ സിനിമയായ വിഗതകുമാരനിൽ നായികയായി അഭിനയിച്ച പി. കെ. റോസിയുടെ സ്മരണ നിലനിർത്താൻ ഗവൺമെന്റ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) വർഷംതോറും മലയാള സിനിമയിലെ മികച്ച നടിക്ക് നൽകിവരുന്ന അവാർഡ് പി. കെ. റോസിയുടെ പേരിൽ നാമകരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ&ബി) മലയാളത്തിലെ മികച്ച നടിക്കുള്ള അവാർഡ് പി. കെ. റോസിയുടെ പേരിൽ നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ലഭ്യമായ നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് ചലച്ചിത്ര അക്കാഡമിയുടെ ഭരണ സമിതി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly